بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝١

# ജുമുഅഃ ഖുത്ബ സംഗ്രഹം 20.05.2022

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.***

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്[റ]ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 19

اَشۡهَدُ اَنۡ لَّااِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِیۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًاعَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّیۡطَانِ الرَّجِیۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِیۡمِ ○
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِیۡنَ ○ اَلرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ
نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡهِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡهِمۡ وَلَا الضَّآلِّیۡنَ ○

(ഹദ്റത് അബൂബക്കർ സിദ്ധീഖ്[റ]ന്റെ കാലത്തു നടന്ന) യമാമ യുദ്ധത്തെ കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു: യമാമയിൽ അധിവസിച്ചിരുന്ന യുദ്ധനിപുണരായിരുന്ന ബനൂഹനീഫ ഗോത്രത്തെക്കുറിച്ച് തഫ്സീർ ഖുർതബിയിൽ سَتُدۡعَوۡنَ اِلٰی قَوۡمٍ اُولِیۡ بَاۡسٍ شَدِیۡدٍ تُقَاتِلُوۡنَهُمۡ اَوۡ یُسۡلِمُوۡنَ അതായത് കടുത്ത ആക്രമണശക്തിയുള്ള ഒരു ജനതയുമായി യുദ്ധം ചെയ്യാൻ അടുത്തുതന്നെ നിങ്ങൾ വിളിക്കപ്പെടും. അവർ കീഴടങ്ങുകയോ അല്ലെങ്കിൽ മുസ്‌ലിമാകുകയോ ചെയ്യുന്നതുവരെ നിങ്ങളവരോട് യുദ്ധം ചെയ്യണം. എന്ന ആയത്തിന്റെ വിശദീകരണത്തിൽ എഴുതുന്നു: റാഫിഅ് ബിൻ ഖദീജ് പറയുന്നത്, ഞങ്ങൾ ഈ ആയത്ത് പാരായണം ചെയ്തിരുന്നു, എന്നാൽ യുദ്ധസമർഥരായ സമൂഹം ഏതാണെന്നു ഞങ്ങൾക്ക് അറിവില്ലായിരുന്നു. അങ്ങനെ ഹദ്റത് അബൂബക്കർ[റ] ഞങ്ങളെ ബനൂ ഹനീഫയുമായി യുദ്ധം ചെയ്യാൻ വിളിച്ചപ്പോൾ അവരാണ് അതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത് എന്ന് ഞങ്ങൾക്കു മനസ്സിലായി.

നബി തിരുമേനി[സ] ഹിജ്റ ഏഴാം വർഷത്തിന്റെ ആരംഭത്തിൽ, ചിലരുടെ അഭിപ്രായത്തിൽ ആറാം വർഷത്തിൽ വിവിധ രാജാക്കൻമാർക്ക് തബ്‌ലീഗ് കത്തുകൾ അയച്ചതിൽ ഒരു കത്ത് യമാമയിലെ രാജാവിയിരുന്ന ഹൂദാ ബിൻ അലിയുടെയും യമാമ നിവാസികളുടെയും പേരിൽ അയച്ചിരുന്നു. ഹിജ്റ ഒമ്പതിൽ വിവിധ സംഘങ്ങൾ മദീനയിൽ വന്നപ്പോൾ യമാമയിൽ നിന്ന് ബനൂ ഹനീഫയുടെ സംഘവും വന്നിരുന്നു. ഈ സംഘത്തിൽ മുജാഅഃ ബിൻ മുറാറയും റിജാൽ ബിൻ ഉൻഫുഅയും ഉണ്ടായിരുന്നു. കൂടാതെ മുസൈലിമ കദ്ദാബും ഉണ്ടായിരുന്നു. ഈ സംഘം മദീനയിൽ അൻസാറിലെ റംല ബിൻത് ഹാരിസ് എന്ന ഒരു സ്ത്രീയുടെ വീട്ടിലാണ് തങ്ങിയിരുന്നത്. തിരുനബി[സ] യെ ബൈഅത് ചെയ്യുന്നതിനായി സംഘങ്ങൾ നിരന്തരം മദീനയിലേക്കു വന്നു തുടങ്ങിയപ്പോൾ തിരുനബി[സ] ഈ വിശാലമായ വീടാണ് സംഘങ്ങൾക്കു താമസിക്കാൻ നിശ്ചയിച്ചിരുന്നത്. ഈ സംഘം റസൂൽ കരീം[സ] യുമായി കൂടിക്കാഴ്ചക്കു പോയപ്പോൾ മുസൈലിമയെ കൊണ്ടുപോയിരുന്നല്ല.

എന്നാൽ ചില നിവേദനങ്ങളിൽ മുസൈലിമ റസൂൽ[സ] യുമായി കൂടിക്കാഴ്ച നടത്തിയ പരാമർശവും കാണപ്പെടുന്നുണ്ട്. ഒരു പക്ഷെ അയാൾ രണ്ടാമത്തെ തവണ വന്നപ്പോൾ കണ്ടതായിരിക്കാം.

ഒരു നിവേദനത്തിൽ ഹദ്റത് ഇബ്നു അബ്ബാസ്[റ.മാ] പറയുന്നു: മുസൈലിമ കദ്ദാബ് നബി[സ]ന്റെ കാലഘട്ടത്തിൽ മദീനയിൽ വന്നു. എന്നിട്ട് പറഞ്ഞു: മുഹമ്മദ്[സ] തനിക്ക് ശേഷം എന്നെ പ്രതിനിധിയാകുകയാണെങ്കിൽ ഞാൻ അദ്ദേഹത്തെ പിന്തുടരുന്നതാണ്. നബി[സ] സ്വയം അയാളുടെ അടുക്കലേക്കു ചെന്നു. അപ്പോൾ തിരുനബി[സ] യുടെ പക്കൽ ഈന്തപ്പനയുടെ ഒരു വടിയുണ്ടായിരുന്നു. അങ്ങനെ നബി[സ] പറഞ്ഞു: നീ എന്നോട് ഈ വടിയാണ് ചോദിക്കുന്നതെങ്കിൽപോലും ഞാൻ നിനക്കത് നൽകുന്നതല്ല. നീ നിന്നെ സംബന്ധിച്ച് ഒരിക്കലും അല്ലാഹുവിന്റെ തീരുമാനത്തെ മറികടക്കുന്നതല്ല. ഇനി പുറംതിരിയുകയാണെങ്കിൽ അല്ലാഹു നിന്റെ അടിവേരറുക്കുന്നതാണ്. എനിക്ക് സ്വപ്നത്തിൽ ഒരുപാട് കാര്യങ്ങൾ കാണിക്കപ്പെട്ട വ്യക്തി നീയാകുന്നു.

ഈ സ്വപ്നത്തിന്റെ കാര്യത്തെ കുറിച്ച് ഹദ്റത് ഇബ്നു അബ്ബാസ്[റ] ചോദിച്ചപ്പോൾ നബി[സ] പറഞ്ഞത് ഹദ്റത് അബൂഹുറൈറ[റ] എന്നോട് പറഞ്ഞു: ഒരിക്കൽ ഞാൻ ഉറങ്ങുന്നതിനിടയിൽ എന്റെ കയ്യിൽ രണ്ടു സ്വർണ്ണവളകൾ കണ്ടു. അതിന്റെ അവസ്ഥ എന്നെ ചിന്താകുലനാക്കി. ശേഷം ഞാൻ അവയിൽ ഊതണം എന്ന് എനിക്ക് സ്വപ്നത്തിൽ വഹ്‌യ് ഇറക്കപ്പെട്ടു. അങ്ങനെ ഞാൻ അവയ്ക്ക് മേൽ ഊതി; അവ പറന്നുപോയി. ഞാൻ അതിന്റെ വ്യാഖ്യാനം രണ്ടു കള്ളന്മാരാണെന്നു മനസ്സിലാക്കുന്നു. അവർ എനിക്കുശേഷം വെളിപ്പെടുന്നതാണ്. നിവേദകൻ ഉബൈദുല്ലാഹ് പറയുന്നു: അവരിൽ ഒന്ന് അൻസി ആണ്. അയാളെ ഫൈറോസ് യമനിൽ വധിക്കുകയുണ്ടായി. രണ്ടാമത്തേത് മുസൈലിമ കദ്ദാബ് ആകുന്നു.

ഏതായിരുന്നാലും ഈ സംഘം തിരിച്ച് യമാമയിലെത്തിയപ്പോൾ അലാഹുവിന്റെ ശത്രുവായ മുസൈലിമ മുർതദ്ദായി. അയാൾ നുബുവ്വത് വാദം ഉന്നയിച്ചുകൊണ്ട് പറഞ്ഞു: എന്നെയും നബി[സ]യുടെ നുബുവ്വത്തിൽ പങ്കാളിയാക്കിയിരിക്കുന്നു. നിങ്ങൾ നബി[സ]നോട് എന്നെ കുറിച്ച് പരാമർശിച്ചിരുന്നപ്പോൾ അദ്ദേഹം സ്ഥാനമാനത്തിൽ നിങ്ങളെക്കാൾ കുറവല്ല (ഞാൻ) എന്ന് പറഞ്ഞിരുന്നില്ലേ.? നബി[സ] ഇത് പറയാൻ കാരണം, നബി[സ]നു അറിയാമായിരുന്നു ഞാൻ നബിയാണെന്ന്.

തുടർന്ന് മുസൈലിമ കൃത്രിമമായി വചനങ്ങൾ ഉണ്ടാക്കി. ജനങ്ങൾക്കിടയിൽ ഖുർആനെ കോപ്പിയടിച്ച് വചനങ്ങൾ ഉണ്ടാക്കുകയും അവർക്ക് നമസ്കാരങ്ങൾ മാപ്പാക്കുകയും ചെയ്തുകൊണ്ട് അയാൾ സ്വന്തം ശരീഅത്ത് ആരംഭിക്കുകയുണ്ടായി. ഒരു നിവേദനമനുസരിച്ച് അയാൾ ഇശാഅ് ഫജ്ർ നമസ്കാരങ്ങൾ മാപ്പാക്കുകയും ജനങ്ങൾക്കിടയിൽ മദ്യവും വ്യഭിചാരവും അനുവദനീയമാക്കുകയും ചെയ്തു. അതോടൊപ്പം തിരുനബി(സ) നബിയാണെന്നു സാക്ഷ്യം വഹിക്കുകയുമുണ്ടായി. ബനൂ ഹനീഫ ഈ കാര്യങ്ങളിൽ അയാളുമായി ഐക്യപ്പെട്ടു.

മുസൈലിമയുടെ ശക്തി വർധിപ്പിച്ച ഒരു കാര്യം, റിജാൽ ഇബ്നു ഉൻഫുവഃ അയാളോടൊപ്പം ചേർന്നതാണ്. ഇയാൾ ഹിജ്റത്തിനുശേഷം തിരുനബി(സ)യുടെ അടുക്കൽ മദീനയിൽ വരികയുണ്ടായി. അവിടെ വെച്ച് അയാൾ വിശുദ്ധ ഖുർആൻ പഠിക്കുകയും ദീനി വിദ്യാഭ്യാസം ആർജ്ജിക്കുകയും ചെയ്തു. മുസൈലിമ മുർതദ്ദ് ആയപ്പോൾ നബി(സ) അയാളെ യമാമക്കാരുടെ അടുക്കലേക്ക് ജനങ്ങൾ മുസൈലിമയെ അനുസരിക്കുന്നതിൽ നിന്നും വിലക്കാൻ വേണ്ടി മുഅല്ലിമായി അയച്ചു. പക്ഷെ ഇയാൾ മുസൈലിമയേക്കാൾ കൂടുതൽ ഫിത്നക്ക് കാരണമായി. എന്നാൽ അയാൾ മുസൈലിമയുടെ കള്ളനുബുവ്വത്തിനെ അംഗീകരിക്കുന്നതിനോടൊപ്പം തന്നെ നബി(സ)യുടെ ഭാഗത്തുനിന്ന് നബി(സ) മുസൈലിമയെ തന്റെ നുബുവ്വത്തിൽ ഭാഗഭാക്കാക്കിയിരിക്കുന്നുവെന്ന ഒരു വ്യാജ പ്രസ്താവന ആരോപിക്കുകയും ചെയ്തു. യമാമക്കാർ മുസൈലിമയുടെ നുബുവ്വത്തിന് സാക്ഷ്യം നല്കുന്നയാൾ നബി(സ)യുടെ കൂട്ടുകാരിൽപെട്ട ആളാണെന്നും അയാൾ വിശുദ്ധ ഖുർആന്റെ അധ്യാപനത്തെ സംബന്ധിച്ച് മനസ്സിലാക്കികൊടുക്കുന്ന ആളാണെന്നും കണ്ടപ്പോൾ അവർക്ക് മുസൈലിമയുടെ നുബുവ്വത്തിനെ നിരാകരിക്കാൻ പഴുതുകൾ ഒന്നും ഉണ്ടായില്ല. അവർ കൂട്ടംകൂട്ടമായി മുസൈലിമയുടെ അടുക്കൽ വന്നു ബൈഅത്ത് ചെയ്തുകൊണ്ടിരുന്നു.

മുസൈലിമ നബി(സ)ന് ഇപ്രകാരം ഒരു കത്തും അയച്ചിരുന്നു, അല്ലാഹുവിന്റെ റസൂൽ മുസൈലിമ, മുഹമ്മദ് റസൂലുല്ലാഹ്ക്ക് എഴുതുന്നത്. അമ്മാ ബഅദ്, പകുതി ഭൂമി ഞങ്ങളുടേതും പകുതി ഖുറൈശികളുടേതുമാണ്. പക്ഷെ ഖുറൈശികൾ നീതി കാണിക്കുന്നില്ല. ഇതിനു മറുപടിയായി നബി(സ) അയാൾക്ക് കത്തെഴുതി. ബിസ്മില്ലാഹിറഹ്മാനിർറഹീം. മുഹമ്മദ് നബി(സ), മുസൈലിമ കദ്ദാബിന് എഴുതുന്നത്, അമ്മാ ബഅദ്, തീർച്ചയായും ഭൂമി അല്ലാഹുവിന്റേതാകുന്നു. അവൻ തന്റെ ദാസൻമാരിൽ താൻ ഇച്ഛിക്കുന്നവരെ അതിന്റെ അവകാശികളാക്കുന്നു. ശുഭപര്യവസാനം മുത്തഖീങ്ങൾക്കുള്ളതാകുന്നു. സൻമാർഗത്തെ പിൻപറ്റുന്നവർക്ക് സമാധാനം.

ഹദ്റത് ഹബീബ് ബിൻ സൈദ് അൻസാരി(റ) നബി(സ)യുടെ കത്തുമായി മുസൈലിമയുടെ അടുക്കൽ പോയി. അദ്ദേഹം ഈ കത്ത് മുസൈലിമക്ക് കൊടുത്തപ്പോൾ അയാൾ ചോദിച്ചു: നിങ്ങൾ മുഹമ്മദ്(സ) അല്ലാഹുവിന്റെ റസൂലാണെന്ന് സാക്ഷ്യം വഹിക്കുന്നുണ്ടോ.? അദ്ദേഹം പറഞ്ഞു: അതെ. പിന്നെ ചോദിച്ചു: ഞാൻ അല്ലാഹുവിന്റെ പ്രാവാചകനാണെന്ന് സാക്ഷ്യം വഹിക്കുന്നുണ്ടോ?. അദ്ദേഹം പറഞ്ഞു: ഞാൻ ബധിരനാണ് കേൾക്കാൻ കഴിയുന്നില്ല. അതായത് വിഷയം മാറ്റാൻ ശ്രമിച്ചു. മുസൈലിമ ഇതേ ചോദ്യം ആവർത്തിച്ചുകൊണ്ടിരുന്നു. താനും നബിയാണെന്ന് അദ്ദേഹം അംഗീകരിക്കണമെന്നാണ് അയാൾ ആഗ്രഹിച്ചത്. തന്റെ ഇംഗിതത്തിനനുസരിച്ച് മറുപടി കിട്ടാതാകുമ്പോൾ ഓരോ തവണയും അയാൾ അദ്ദേഹത്തിന്റെ ഓരോ അവയവം ഛേദിക്കുമായിരുന്നു. അയാൾ അദ്ദേഹത്തെ തുണ്ടംതുണ്ടമാക്കി വെട്ടിയിടുന്നതുവരെ ഹദ്റത് ഹബീബ് സഹനത്തിന്റേയും സ്ഥൈര്യത്തിന്റേയും പർവ്വതമായി നിലകൊണ്ടു. അയാൾക്കു മുന്നിൽ ഹദ്റത് ഹബീബ് ശഹാദത്തിന്റെ പീയൂഷം നുകർന്നു.

മുസൈലിമ നുബുവ്വത്ത് വാദിക്കുക മാത്രമല്ല ചെയ്തത്. മറിച്ച് അക്രമവും നടത്തി. തന്നെ നബിയാണെന്നു അംഗീകരിക്കാത്തവരോട് അങ്ങനെയാണ് പെരുമാറിയത്. മുസൈലിമ യമാമയിൽ കലാപക്കൊടി ഉയർത്തുകയും നബി(സ)ന്റെ കൈകാര്യകർത്താവായ ഹദ്റത് സുമാമ ബിൻ ഉസ്സാലിനെ യമാമയിൽ നിന്ന് നീക്കുകയും ചെയ്തു.

നബി(സ) വഫാത്താകുകയും ഹദ്റത് അബൂബക്കർ(റ) മുർതദ്ദീങ്ങളുടെ അടുക്കലേക്ക് സൈനീക നീക്കം നടത്തുകയും ചെയ്തപ്പോൾ ഹദ്റത് ഇക്രിമ(റ)ന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ മുസൈലിമക്കെതിരിൽ അയച്ചു. അദ്ദേഹത്തിന്റെ സഹായത്തിനുവേണ്ടി ഹദ്റത് ശുറഹ്ബീൽ ബിൻ ഹസനയെയും അദ്ദേഹത്തിന് പിന്നിൽ അയക്കുകയുണ്ടായി. ഹദ്റത് അബൂബക്കർ(റ) ഇക്രിമയോട് ആവർത്തിച്ച് ഉപദേശിച്ചുകൊണ്ട് പറഞ്ഞു: ശുറഹ്ബീൽ എത്തുന്നതിന് മുമ്പേ മുസൈലിമയുമായി യുദ്ധം ആരംഭിക്കരുത്. എന്നാൽ ഹദ്റത് ഇക്രിമ ധൃതി കാണിക്കുകയും ഹദ്റത് ശുറഹ്ബീൽ എത്തുന്നതിന് മുമ്പേ തന്നെ യമാമയെ ആക്രമിക്കുകയും ചെയ്തു. വിജയത്തിന്റെ പേര് തനിക്കാകണമെന്നാണ് അദ്ദേഹം ആഗ്രഹിച്ചത്. എന്നാൽ അദ്ദേഹം മുസീബത്തിൽ അകപ്പെട്ടു. അദ്ദേഹത്തിന് പരാജയം രുചിക്കേണ്ടിവന്നു. ഹദ്റത് അബൂബക്കർ(റ) ഹദ്റത് ശുറഹ്ബീലിനോട് അടുത്തൊരു കൽപന വരുന്നതുവരെ അവിടെ തന്നെ നിൽക്കാൻ ആജ്ഞാപിച്ചു.

പിന്നെ ഖാലിദ് ബിൻ വലീദ്(റ)നെ യമാമയിലേക്കയച്ചു. അദ്ദേഹത്തോടൊപ്പം യുദ്ധം ചെയ്യാൻ മുഹാജിരീങ്ങളുടെയും അൻസാറുകളുടെയും ഒരു സംഘത്തെയും അയച്ചിരുന്നു. ഹദ്റത് ഖാലിദ് ബുത്താഹ് പ്രദേശത്ത് ഈ സൈന്യത്തിന്റെ ആഗമനം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ഏതായാലും ഇവർ എല്ലാവരും ഹദ്റത് ഖാലിദിന്റെ അടുക്കലെത്തി യമാമയിലേക്ക് തിരിച്ചു.

യുദ്ധം ആരംഭിക്കുന്നതിന് മുമ്പു തന്നെ മുസ്ലിംകൾ ബനൂഹുനൈഫയുടെ ഒരു നേതാവിനെ ബന്ധനസ്ഥനാക്കി. ഒരു നിവേദനത്തിൽ പറയുന്നു, ബനൂ ഹുനൈഫയുടെ നേതാവായിരുന്ന മുജാഅഃ ബിൻ മുറാറ ഒരു

സംഘത്തോടൊപ്പം പുറത്തേക്ക് വന്നപ്പോൾ മുസ്‌ലിംകൾ അയാളേയും കൂട്ടാളികളെയും പിടികൂടി. ഹദ്റത് ഖാലിദ് അയാളുടെ കൂട്ടാളികളെ വധിക്കുകയും മുറാറായെ ജീവനോടെ തടവിൽ വെക്കുകയും ചെയ്തു. കാരണം സാരിയ ബിൻ മുസൈലിമ ബിൻ ആമിർ പറഞ്ഞിരുന്നു, ഖാലിദ്, നിങ്ങൾ യമാമയെ സംബന്ധിച്ച് എന്തെങ്കിലും നന്മയോ തിന്മയോ ആഗ്രഹിക്കുന്നെങ്കിൽ മുജാഅഃയെ ജീവനോടെ നിർത്തുക; ഇയാൾ യുദ്ധത്തിലും സമാധാന ദിവസങ്ങളിലും നിങ്ങളുടെ സഹായിയാകുന്നതാണ്. അദ്ദേഹത്തിന് സാരിയ പറഞ്ഞത് ഇഷ്ടമായി. അദ്ദേഹം സാരിയയെയും വധിച്ചില്ല.

ഹദ്റത് ഖാലിദ് യമാമയിലേക്ക് തിരിച്ചു. ഖാലിദ് കൃത്യമായ ആസൂത്രണങ്ങൾ ആരംഭിച്ചു. (നല്ലപോലെ തയ്യാറെടുപ്പും മുൻകരുതലും എടുത്തിരുന്നു.) ഹദ്റത് ഖാലിദ് ഈ യുദ്ധത്തിൽ ഹദ്റത് ശുർഹ്ബീൽ ബിൻ ഹസനയെ മുന്നോട്ടയച്ചു. ഇസ്‌ലാമിക സൈന്യത്തെ അഞ്ചു ഭാഗങ്ങളായി ക്രമീകരിച്ചു. ഇത് യുദ്ധത്തിന് തൊട്ട് മുമ്പുള്ള അവസാന ക്രമീകരണമായിരുന്നു. മുസൈലിമയുടെ കൂടെ ഉണ്ടായിരുന്ന ഈ യമാമയിലെ ആളുകളുടെ എണ്ണം നാല്പത്തിനായിരമായിരുന്നു. ഒരു നിവേദനമനുസരിച്ച് അവരുടെ എണ്ണം ഒരു ലക്ഷമോ അതിലധികമോ ആയിരുന്നു. എന്നാൽ മുസ്‌ലിംകൾ പതിനായിരത്തിലധികമേ ഉണ്ടായിരുന്നുള്ളു. ഏതായാലും അതിനുശേഷം ഘോര യുദ്ധം നടന്നു. എന്നാൽ മുസ്‌ലിംകൾക്ക് അതുപോലുള്ള യുദ്ധത്തെ ഒരിക്കലും അഭിമുഖീകരിക്കേണ്ടി വന്നിട്ടില്ല, മുസ്‌ലിംകൾ പരാജയപ്പെട്ടു. ഇസ്‌ലാമിക സൈന്യം പിന്നിലേക്ക് മാറിയെങ്കിലും ഹദ്റത് ഖാലിദ് ബിൻ വലീദിന്റെ നിശ്ചയദാർഢ്യത്തിലും ധൈര്യത്തിലും സ്ഥൈര്യത്തിലും അല്പംപോലും ഇളക്കം വന്നില്ല. ഹദ്റത് ഖാലിദ് തന്റെ സൈന്യത്തോട് വിളിച്ച് പറഞ്ഞു: മുസ്‌ലിംകളേ വെവ്വേറെയാകുവിൻ. ഏത് ഗോത്രമാണ് യുദ്ധത്തിൽ ഏറ്റവുമധികം ധൈര്യം പ്രകടിപ്പിക്കുന്നത് എന്ന് കാണട്ടെ. ഈ വിളംബരം മുഖേന അദ്ദേഹം എല്ലാ ഗോത്രങ്ങൾക്കിടയിലും ഒരു പുതിയ ആത്മാവാണ് ഊതിയത്. സ്വഹാബാക്കൾ പരസ്പരം യുദ്ധത്തിന് പ്രേരിപ്പിച്ചുകൊണ്ട് ഇങ്ങനെ വിളിച്ച് പറഞ്ഞു: അല്ലയോ സൂറഃ ബഖറയുടെ ആളുകളേ, ഇന്ന് ജാലവിദ്യ പൊട്ടിപ്പോയിരിക്കുന്നു. ഹദ്റത് സാബിത് ബിൻ ഖൈസ് തന്റെ പകുതി കണങ്കാൽ വരെ ഭൂമിയിൽ കുഴിച്ചിട്ടു. അദ്ദേഹം അൻസാറിന്റെ പതാക ഉയർത്തിപ്പിടിച്ചിരുന്നു. അദ്ദേഹം ഹുനൂത്ത് തേച്ചിട്ടുണ്ടായിരുന്നു. അതായത് മരിച്ച ശേഷം ആളുകൾ എന്നോട് ചെയ്യാൻ ഉദ്ദേശിക്കുന്നത് ഞാൻ ഇപ്പോൾ തന്നെ ചെയ്തിരിക്കുന്നു. ഞാൻ മരിക്കാൻ തയ്യാറാണെന്ന് പറയുകയായിരുന്നു. ഏതായിരുന്നാലും നിവേദനത്തിൽ പറയുന്നു: അദ്ദേഹം കഫൻ കെട്ടുകയും ശത്രുക്കൾക്കെതിരിൽ ഉറച്ച് നിൽക്കുകയും ചെയ്തു. അങ്ങനെ ശഹാദത്തിന്റെ പീയൂഷം രുചിച്ചു. ഇനിയും ഇതിന്റെ വിശദീകരണങ്ങൾ ഉണ്ട്. ഇൻശാഹ് അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് പാകിസ്താനിലെ അക്കാടയിലെ മാസ്റ്റർ മുനവർ അഹ്മദ് സാഹിബിന്റെ മകൻ അബ്ദുസ്സലാം സാഹിബ് ശഹീദിന്റെ ശഹാദത്ത് സംഭവവും അദ്ദേഹത്തിന്റെ ജമാഅത്തീ സേവനങ്ങളെയും അനുസ്മരിക്കുകയും ചെയ്തു. കൂടാതെ പാകിസ്താനിലെ ഫൈസലാബാദിലെ ശേഖ് സഊദുല്ലാഹ് സഹിബിന്റെ മകൻ ദുൽഫുഖാർ സാഹിബ്, കാനഡയിലെ മലിക് തബസ്സും മഖ്സൂദ് സാഹിബ് എന്നിവരെയും അനുസ്മരിക്കുകയും ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِیَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاۗءِ ذِی الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاۗءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 20.05.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**